**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **24-02-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് നഗരസഭാ പ്രദേശത്തെ വാട്ടർ ലീക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Roshy Augustine (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയുടെ പലഭാഗങ്ങളിലും വിശിഷ്യ കാസർകോട് നഗരസഭ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ വെള്ളം ലീക്ക് ചെയ്ത് നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ലീക്കേജ് ഏതെല്ലാം പ്രദേശങ്ങളിൽ/പോയിന്റുകളിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നഗരസഭയിലെ താഴെ പറയുന്ന സ്ഥലങ്ങളിലെ പൈപ്പ് ലൈൻ ലീക്കേജ് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 1. കാസർഗോഡ് old SH – BMS നു സമീപം 2. ബീച്ച് റോഡ് ഗീതാ തീയറ്ററിനു എതിർവശം 3. പാങ്ങോട് 4. മുണ്ടപ്പൊതി റോഡ് തളങ്കര. 5. കെ.എസ്. റാവു റോഡ് 6. പുലിക്കുന്ന് റോഡ് 7. പാങ്ങോട് യു.കെ.റോഡ് 8. മധൂർ റോഡ്. ചൂരി സുന്നി സെൻറർ 9. നീർച്ചാൽ ബേടടുക്ക ഷിരി ബാഗിലു റോഡ് 10. മധൂർ റോഡ് നിയർ ജോയ് കൂൾ ഡ്രിംഗ്സ്. 11. old SH മല്ലികാർജ്ജുന ക്ഷേത്രത്തിന് എതിർ വശം. |
| (ബി) | പ്രസ്തുത ലീക്കേജിന്റെയും ആയത് പരിഹരിക്കാത്തതിന്റെയും കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത ചോർച്ചകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി ROW സർവ്വീസിൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും കാസറഗോഡ് നഗരസഭയിൽ നിന്നും, പൊതു മരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് സ്ഥലം സന്ദർശിച്ച് റോഡ് റീസ്റ്റോറേഷൻ ചാർജ് അടയ്ക്കുവാനായി ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ട്. റോഡ് റെസ്റ്റോറേഷൻ ചാർജ് അടയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നിരുന്നാലും അടിയന്തിര സ്വാഭാവമുള്ള പ്രവൃത്തിയായി പരിഗണിച്ച് അനുമതിക്കായി പൊതു മരാമത്ത് വകുപ്പിനെ ബന്ധപ്പെടാറുണ്ടെങ്കിലും മുകളിൽ സൂചിപ്പിച്ച ലീക്കേജുകൾ പരിഹരിക്കുവാനായി അനുമതി ലഭിച്ചിട്ടില്ല. |
| (സി) | ലീക്കേജ് ഇല്ലാതാക്കാൻ ബൃഹദ് പദ്ധതി ആവശ്യമുണ്ടോയെന്നും എങ്കിൽ അതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അറിയിക്കാമോ; | (സി) | കാസർഗോഡ് നഗരസഭയിലെ കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റാനും വിതരണ ശൃംഖല ദീർഘിപ്പിച്ച് മുഴുവൻ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുമുള്ള ബൃഹത് പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിവരുന്നുണ്ട്. ടി പ്രൊജക്ട് പൂർത്തിയാകുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് വെള്ളം പാഴായിപ്പോകുന്ന പ്രശ്നത്തിന് ശാശ്വത പരിഹരം കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | വെള്ളം പാഴായിപ്പോകുന്ന പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ? | (ഡി) | കാസർഗോഡ് നഗരസഭയിലെ കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റാനും വിതരണ ശൃംഖല ദീർഘിപ്പിച്ച് മുഴുവൻ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുമുള്ള ബൃഹത് പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിവരുന്നുണ്ട്. ടി പ്രൊജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളം പാഴായിപ്പോകുന്ന പ്രശ്നത്തിന് ശാശ്വത പരിഹരം കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ